വത്തുകയുമാണ് വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശലക്ഷ്യം. ഇതുവഴി ഭാവി തലമുറയ്ക്ക് മെച്ചപ്പെട്ട പാരിസ്ഥിതികബോധവും സുസ്ഥിര വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു.

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാ, സംസ്ഥാനതല മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും പൊതുജനങ്ങൾക്കായി ഫോട്ടോഗ്രാഫി, പോസ്റ്റർ രചനാ മത്സരം എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷാകർത്താവിനും ഭക്ഷണവും താമസ സൗകര്യവും സ്ലീപ്പർ ക്ലാസ് യാത്രാ സൗകര്യവും നൽകുന്നു. വന്യജീവി വാരത്തിൽ പൊതുജനങ്ങൾക്കും, അടുത്ത ഒരു വർഷത്തേക്ക് മത്സര വിജയികൾക്കും പ്രവേശന ഫീസ് കൂടാതെ തന്നെ സൗജന്യമായി ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും സന്ദർശിയ്ക്കാവുന്നതാണ്. വാരാഘോഷത്തിന്റെ ഭാഗമായി ഫോട്ടോ പ്രദർശനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു.

(സി) 2014 വർഷത്തെ വന്യജീവി വാരാഘോഷത്തിന്റെ നടത്തിപ്പിനായി 26,75,000 രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടന പരിപാടിയ്ക്കായും, 14 ജില്ലകളിലെ മത്സരങ്ങൾക്കും, സംസ്ഥാനതല മത്സരങ്ങൾക്കുമുള്ള സമ്മാനത്തുക വിതരണം, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, സംസ്ഥാനതല സമാപന സമ്മേളനം എന്നിങ്ങനെ ഒരാഴ്ച നീണ്ടുനിന്ന വിവിധ പരിപാടികളുടെ ചെലവിനായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിട്ടുള്ളത്.

കോങ്ങാട് മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം

301 (303). <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം എന്തെല്ലാം നാശനഷ്ടങ്ങളാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; എത്ര പേർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചു എന്തെല്ലാം നടപടികളും നഷ്ടപരിഹാരങ്ങളുമാണ് വനം വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം കൃഷിനാശം, ജീവഹാനി, പരിക്ക് മുതലായവ സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച് പരാതികൾ നൽകിയ 265 പേർക്ക് 12,56,364 രൂപ അനുവദിച്ചിട്ടുണ്ട്. ജീവഹാനി സംബന്ധിച്ച് അപേക്ഷ നല്കിയ 13 പേരുടെ ആശ്രിതർക്ക് 9,00,000 രൂപ അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ 25 പേരുടെ അപേക്ഷകളിൽ 3,24,250 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിനാശത്തിന് യഥാസമയം നഷ്ടപരിഹാരം നല്കിവരുന്നു.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് നടപടി

302 (304) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ ;

(ബി) സൗര വേലി എല്ലാ മേഖലകളിലും വ്യാപകമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം സംഭവിച്ചിട്ടുള്ള ആക്രമണങ്ങളിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ വന്യജീവിശല്യം നേരിടുന്നതിനുള്ള പ്രത്യേക പദ്ധതികൾ 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയുണ്ടായി. പ്രശ്നക്കാരായ കാട്ടാനകളെ പിടികൂടി പുനരധിവസി

LIBRARY ARCHIVES Kerala Legislative Assembly